HLM-0144

The Heavenly Light Ministry

ഭാഗ്യനാട്ടിൽ പോകും ഞാൻ
എന്റെ ഭാഗ്യനാട്ടിൽ പോകും ഞാൻ
ഭാഗ്യനാട്ടിൻ ചെന്നു ശുദ്ധരോടോത്തു ഞാൻ
യേശുവെ വാഴ്ത്തീടുമേ ... ഭാഗ്യ

മായ ഇമ്പം വിടുന്നേ എന്റെ
ലോകസുഖങ്ങളെല്ലാം
നായകനാം എന്റെ മന്നനെ ഓർത്തു ഞാൻ
തൻ തിരു നാമത്തിനായ് ... ഭാഗ്യ

സ്വർഗ്ഗഭാഗ്യമോർക്കുമ്പോൾ എന്റെ
ഉള്ളമാനന്ദിക്കുന്നേ
തുള്ളിക്കളിച്ചെന്റെ സന്തോഷ രാജ്യത്തിൽ
വേഗം ഞാൻ ചേർന്നീടുമേ ഭാഗ്യ

ഒരോ ദിവസവും ഞാൻ
എന്റെ പ്രീയനെ നോക്കി കൊണ്ട്
നേരായ പാതയിൽ സേവനം ചെയ്തു ഞാൻ
മാർവ്വോടണഞ്ഞീടുമേ .... ഭാഗ്യ